# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025.2026



G.U.P.S. പാവറട്ടി

# GUPS
# പാവറട്ടി

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## ക്ലാസ് - ഒന്ന്

2025-'26



# മലയാളം



## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശിൽപശാല, സംയുക്ത ഡയറി, സചിത്ര പുസ്തക സ്വതന്ത്ര രചനകൾ, എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം സ്വായത്തമാക്കാനും അക്കാദമിക മാസ്റ്റർ പ്ലാൻ വഴി എന്നത് ജൂൺ മുതൽ ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും, രക്ഷിതാവും, അധ്യാപികയും ഒരുങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ അധ്യയന വർഷത്തിൽ കുട്ടി, അധ്യാപകൻ, രക്ഷിതാവ് മറ്റ് സഹായികൾ ഉൾപ്പെട്ട് കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കേണ്ടതും കൂട്ടപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും, വിലയിരുത്തുന്നതിനും സാധ്യത ഉൾക്കൊള്ളിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും, സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുക.
* എല്ലാ കുട്ടികളെയും ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു ഉണ്ടെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായങ്ങളോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ - അവ നവ മാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തി കുട്ടിയെ സ്വയം സ്വായത്തമാക്കൽ
* തിയേറ്റർ സാധ്യതകൾ, വായനപ്പെട്ടികൾ എന്നിവ ഉപയോഗിച്ച് വായനയിലേയ്ക്ക്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
* സർഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റു വ്യവഹാരരൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* ഭാവാത്മകമായ ലോകത്തിലൂടെ പാട്ട്, രചന മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയം

നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരാകുന്നു.
* അധ്യാപികയുടെയും രക്ഷിതാവിന്റെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* കുട്ടികളെ ആകൃഷ്ടരാക്കൽ
* ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
* ലിപികൾ തിരിച്ചറിയാതെ തന്നെ ആശയങ്ങൾ പങ്കിട്ട് ചെറു കഥാപുസ്തകം രൂപപ്പെടുത്തൽ.

ജൂൺ

# പ്രവർത്തന ഘട്ടങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആൽബം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ

## പ്രവർത്തനങ്ങൾ

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായനാ കാർഡുകൾ നിർമ്മാണ ശില്പശാല.
* സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി ആഴ്ചയിൽ ഒന്നെങ്കിലും എഴുതൽ.
* കഥകൾ - ചിത്രങ്ങൾ വഴിയും ഡിജിറ്റൽ മാർഗ്ഗത്തിലൂടെയും നൽകൽ
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

ജൂലൈ

## പ്രവർത്തന ഘടകങ്ങൾ

* സചിത്ര നോട്ട് ബുക്ക് - ശില്പശാല ഉറപ്പാക്കൽ
* സംയുക്ത ഡയറി എഴുതാൻ സഹായം ഉറപ്പാക്കൽ.
* കുട്ടിക്ക് സ്വയം കവിത, കഥ പറയാൻ അവസരം ഉറപ്പാക്കൽ
* വായനാമൂല, ക്ലാസ് ലൈബ്രറി ഉറപ്പാക്കൽ

## പ്രവർത്തനങ്ങൾ

* സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ
* സംയുക്ത ഡയറി ഒരു വാക്കിൽ എഴുതാൻ അവസരം ഉറപ്പാക്കുന്നു.
* ക്ലാസ് ലൈബ്രറി ഉറപ്പാക്കൽ, പുസ്തകങ്ങൾ വെച്ച് അറിയാനും, നിരന്തരം എടുത്ത് നോക്കാനും അവസരം ഉറപ്പാക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഉറപ്പാക്കുന്നു.
* അക്ഷര ചാർട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ചിത്രവായനയ്ക്ക് അവസരം ഉറപ്പാക്കുന്നു. വാചികമായി പറയാനും അവസരം നൽകൽ.

# ആഗസ്റ്റ്

## പ്രവർത്തന ഘട്ടങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാള മധുരം പ്രവർത്തനങ്ങൾ
* കുട്ടികളും, രക്ഷിതാവും, അധ്യാപകരും പങ്കാളിമായ നിർമ്മാണ ശിൽപശാല.
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറിയിലേക്ക് വേണ്ട അനുഭവം പറയൽ.

## പ്രവർത്തന ഘട്ടങ്ങൾ

* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ
* ഭാഷാശേഷി വർധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായനാ കാർഡുകൾ തയ്യാറാക്കി അവതരണം.
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകൽ.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ
* സചിത്ര നോട്ട് ബുക്കിൽ ചിത്രങ്ങൾ ഒട്ടിക്കാൻ അവസരം ഒരുക്കൽ.
* ആശയ ഗ്രഹണത്തിലൂടെ പ്രഹാരശേഷിയെ ഉറപ്പിക്കുന്നു.

# സെപ്റ്റംബർ

## പ്രവർത്തന ലക്ഷ്യങ്ങൾ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കൽ
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കൽ
* സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറുന്നതിന് അവസരം ഒരുക്കൽ
* ഭാഷാ ശേഷിക്ക് പ്രാധാന്യം നൽകൽ

## പ്രവർത്തനങ്ങൾ

* സചിത്ര ഡയറിയെ - എന്റെ ഡയറിക്കുറിപ്പ് എന്ന വ്യവഹാര രൂപത്തിൽ നൽകുന്നു.
* അനായാസമായി കുട്ടികളെ ഭാഷാ പഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു
* വ്യക്തിഗതമായ രചനകൾക്ക് അവസരം നൽകൽ
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചയിതാക്കളും, വായനക്കാരുമാക്കി മാറ്റിയെടുക്കുന്നു.

# ഒക്ടോബർ

* സചിത്രപുസ്തകങ്ങൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ
* വായനോത്സവം സംഘടിപ്പിക്കൽ
* ആസ്വാദ്യകരമായ വായന നടത്തൽ.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കൽ
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശനം.

## പ്രവർത്തനങ്ങൾ

* എല്ലാ കുട്ടികളും സചിത്ര പാഠപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* CPTA യിൽ സചിത്രപുസ്തകങ്ങൾ വിലയിരുത്തുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സജീവവും സർഗാത്മകവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ദിനനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

# നവംബർ

## പ്രവർത്തന ഘട്ടങ്ങൾ

* സ്വതന്ത്ര രചയിതാക്കളാക്കാൻ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തൽ
* കൂട്ടവായന, നാടക വായന, വീട്ടുവായന, അമ്മ വായന, ചിത്രവായന എന്നിവ പ്രോത്സാഹിപ്പിക്കൽ
* പത്ര വായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ

## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി കൂടുതൽ വാക്യഘടനയിൽ എഴുതിച്ചേർക്കൽ
* കൂട്ടവായന - കുട്ടികൾക്ക് പറ്റിയ വായന കാർഡുകൾ ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തെറ്റുകൂടാതെ എഴുതാൻ സാധിക്കുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
* സചിത്ര പാഠം പ്രദർശനത്തിന് ഒരുക്കുന്നു.

# ഡിസംബർ

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കൽ.
* വായനാശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെളിമയുള്ള ഭാഷയിൽ എഴുതുന്നു.
* കൈയെഴുത്ത് ഉറപ്പുവരുത്തുന്നു.
* ലഘുകവിതകൾ, കഥകൾ, എഴുതാൻ ശ്രമിക്കുന്നു.

## പ്രവർത്തനങ്ങൾ

* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയിക്കുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതുന്നു.
* പരസ്പരം പിന്തുണ ബോർഡിൽ കൂടി കൈയെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി, സചിത്രപുസ്തകം കൂടുതൽ മെച്ചപ്പെടുത്തുന്നു.

# ജനുവരി

## പ്രവർത്തന ലക്ഷ്യങ്ങൾ

* കുട്ടികളുടെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘു രചനാ ശില്പശാലകൾ, പ്രദർശനം ഒരുക്കൽ.
* തിയേറ്റർ സാധ്യതകൾ, വായന ക്ലബ്ബുകൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്ര വായന.
* ഡിജിറ്റൽ സാധ്യതകളിലൂടെ പുനരവതരണ സാധ്യതകൾ

## പ്രവർത്തനങ്ങൾ

* കുട്ടികൾ എഴുതിയ ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗശേഷി സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വന്തമായ രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ

# ഫെബ്രുവരി

## പ്രവർത്തന ലക്ഷ്യങ്ങൾ

* ഭാഷോത്സവം, രചനോത്സവം ഭാഷാപ്രവർത്തനങ്ങൾ തുടങ്ങിയവ ആഘോഷ പങ്കാളിത്തത്തിന് വഴി ഒരുക്കൽ
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കൽ
* ആശയപൂർണ്ണതയോടെ സ്വന്തമായ രചനകൾ നടത്തുന്നു.

## പ്രവർത്തനങ്ങൾ

* ഭാഷോത്സവം ജനപ്രതിനിധികളുടെ പ്രാതിനിധ്യ ഉദ്ഘാടനം-
* സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു-
* ആശയ പൂർണ്ണതയോടെ സ്വന്തമായ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ സാധിക്കുന്നു.

## മാർച്ച്

### പ്രവർത്തന ലക്ഷ്യങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിലാക്കി പ്രകാശനം
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ചങ്ങല വായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* പലതരത്തിലുള്ള കൈയെഴുത്തു മാസികകൾ രൂപപ്പെടുത്തി നവമാധ്യമങ്ങളിലൂടെ PTA മീറ്റിങ്ങിലും പ്രദർശനം ഒരുക്കൽ
* ഓരോ കുട്ടിക്കും - ഓരോ പതിപ്പുകൾ
* കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ

### പ്രവർത്തനങ്ങൾ

* PTA മീറ്റിങ്ങിൽ പ്രകാശനം നടത്തുന്നു.
* വായനയെ പരിപോഷിപ്പിക്കാൻ വിവിധ പ്രവർത്തന ലക്ഷ്യങ്ങൾ ഒരുക്കുന്നു.

# ENGLISH

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. must be able to read, write and speak English. with it No child should be able to speak English fluently like malayalam. We have to keep our world language English, close to our hearts.

The acadamic master plan is designed to ensure that not a single child goes illiterate

## Aim - Objectives

* Simple words, simple sentences, add more lines, description, make sure these are in the children.
* Responds to simple instructions in the class room.
* Describes orally about picture and objects using adjectives( colour, size, shape etc)

* Familiaries with words identifies
* Enjoys song and sings them with rhythm and action.
* Familiaries the names of birds and animals their yongones and identifies them from pictures.

**Aim**

Simple words, Simple Sentences to speak Read and write make sure these are in the children.

**Pretest**

- To develop listening skills and reading skills.
- Familiaries with words like Ant, apple boat, bag etc. and identifies the words.

## Action plan - Activities

### June.

* Simple words introducing
* Provides picture Cards
* Give a familiar magic picture Card (Apple, Ant, Umbrella,

## JULY

* Says the familiar words
* writing familiar words
* Reading familiar words

## August

* Enjoys songs and sings them with rhythm and action-
* Describes orally and about picture and Objects using adjectives (size, Colour, Shape

## September

* Reads and writes simple words and sentences: eg: Apple, An apple, red apple.
* provides picture Cards and reading Cards.

## October.

* Introduce a simple picture description
* word Chain, sentence Chain, make words
* sentences make riddles.
* describing words, rhyming words etc text book activities
* my growing book is being prepared.

November

* my small description book is being prepared
* preparing reading card
* The classroom provides more activities to read, write and speak English.
* Prepared my English world.

December

* my picture Dictionary being prepared.
* simple instruction in the class room
* Encourages digital reading in the class room.

January.

* Enjoys songs and sings them with rhythm and action.
* 'my amazing book' is being prepared
* Animals and birds and their young ones name and picture collection
* spoken English class is provided

February.

* presenting my self in assembly and CPTA
* provides opportunities for English assembly.

March.

* Speak English fluently.
* Can read and write simple sentences.
* picture description.
* my growing book, picture dictionary preparation.

# ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ
## രണ്ടാം ക്ലാസ്
## 2025 – 26

ക്ലാസ് ടീച്ചറുടെ പേര് : മീന. P.S

വിദ്യാലയത്തിന്റെ പേര്: ജി. യു.പി.എസ് പാവറട്ടി

ഉപജില്ല : മുല്ലശ്ശേരി

ജില്ല : പാലക്കാട്

ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാളത്തിളക്കം
4. സംയുക്ത ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. വീഡിയോസ് തിയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. ഭാഷോത്സവം.

## ആമുഖം

പാവറട്ടി ഗവ. യു.പി. സ്കൂളിലെ 2025-26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനാൽ ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്തഡയറി എഴുതുന്നത് തുടരുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുങ്ങും
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവപങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ ശക്തിപ്പെടുത്തും
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

## പ്രവർത്തന കലണ്ടർ- [illegible]

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മലയാള മധുരം | ജൂൺ - മാർച്ച് |
| 3 | സാമൂഹ്യ ഡയറി | ജൂൺ - മാർച്ച് |
| 4. | പത്രക്ലബ് | ജൂൺ - മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലായ് - മാർച്ച് |
| 7 | നാട്ടുവിശേഷം - കൂട്ടെഴുത്ത് | ജൂലായ് - മാർച്ച് |
| 8 | ഭാഷാപക്ഷം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം. |
| 9 | രചനോത്സവം | ജൂലായ് മുതൽ ഫെബ്രുവരി വരെ മാസങ്ങളിൽ |
| 10 | ഭാഷോത്സവം | ജനുവരി |

### മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞെഴുത്തുകാരായി അവധിക്കാലത്ത് വായന അഭ്യസിച്ച് ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞെഴുത്തുകാർ ആസ്വദിച്ചു വായിക്കുവാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങളെ പ്രകടിപ്പിക്കുവാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടു സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം SRG യിൽ അവലോകനം ചെയ്യുന്നു (മെയ്മാസ അവസാനം)
- തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും, രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു.
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാപക്ഷാചരണം എന്നിവ സംഘടിപ്പിക്കുന്നു (ജൂൺ)
- വായനോത്സവത്തിൽ കുട്ടികൾ വ്യത്യസ്ത രചനകൾ നടത്തുന്നു.
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലാക്കി മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തക പ്രസിദ്ധീകരണ പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തക ആസ്വാദനത്തിനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

- ഒരുവർഷം മുഴുവൻ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കലോത്സവം, വായനോത്സവം, എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ പുസ്തക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പങ്കാളികൾ:
ക്ലാസ്ടീച്ചർ, PTA, HM. സാമ്പത്തികം :- PTA, SSK

## സംയുക്തഡയറി

രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആശയം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിന്റെ രചനയുടെ, ആസ്വാദന ശേഷി സാധ്യമാകുന്നതിന്.

സംയുക്ത ഡയറി എഴുതുന്നതിന് കഴിയുന്നു.

കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിന് കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിന് സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു.

### ലക്ഷ്യപ്രസ്താവനകൾ

• സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

2. അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

3. സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.

4. ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

5. അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാകുന്നു

### പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു
- ക്ലാസ് പി.ടി.എ യിൽ ഡയറി എഴുത്തിന്റെ പ്രാധാന്യത്തെ പറ്റി ബോധ്യപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ പരിശോധിച്ച് വിലയിരുത്തുന്നു.
- കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- സചിത്രഡയറി പുസ്തകരൂപത്തിലേക്ക് മാറുന്നു.
-

## വിലയിരുത്തൽ

- ലക്ഷ്യപ്രാപ്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതി ഐ.സി.ടി സാങ്കേതികവിദ്യയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകളുറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- ആസ്വാദനത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ സമൂഹവുമായും, രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല : ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ

സാമ്പത്തികം : SSK.

## പാഠങ്ങൾ

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുത്തുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കുവാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു.
പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും, സംഘമായും അവതരിപ്പിക്കാൻ കഴിയുന്നു.

## ലക്ഷ്യപ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

- കുട്ടികവിതകൾ വായിച്ച് ആസ്വദിക്കലും ഉള്ളടക്കം സംഗ്രഹവും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു

സചിത്ര പാഠപുസ്തകം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| SRG<br>class PTA | മെയ് അവസാനം<br>ജൂൺ ആദ്യം | Class Teacher PTA<br>HM, രക്ഷിതാവ് |
| സചിത്ര പാഠപുസ്തകം രക്ഷിതാക്കളെ പരിചയപ്പെടുത്തൽ | ജൂൺ ആദ്യവാരം | അധ്യാപിക |
| ചിത്രങ്ങൾ തയ്യാറാക്കൽ ശില്പശാല | ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഉൾപ്പെടുത്തി വരുന്ന വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ രണ്ടാം വാരം മുതൽ മാർച്ച് വരെ | Class Teacher. |
| പുസ്തക പ്രകാശനം | ജൂൺ അവസാനം | HM |
| മികച്ച സചിത്ര പാഠപുസ്തകത്തിന് അഭിനന്ദനം | പഠനോത്സവം [illegible] | Class Teacher. |

## പ്രോജക്ട്

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| SRG, class PTA | മെയ് അവസാനം ജൂൺ ആദ്യവാരം. | Class Teacher, HM, PTA |
| പാഠഭാഗത്തിലുള്ളതും ഇഷ്ടമുള്ള കവിതകൾ ഈണം, താളം എന്നിവ ഭാവാത്മകമായി ചൊല്ലിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | Class Teacher, രക്ഷിതാക്കൾ. |
| കുട്ടി കവിതാ പുസ്തകം പ്രകാശനം | ജൂൺ അവസാനം | Class Teacher, HM |
| മികച്ച കവിതാലാപനം നടത്തിയ കുട്ടികളെ അഭിനന്ദിക്കുന്നു. | എല്ലാമാസവും, അവസാന വെള്ളിയാഴ്ച | Class Teacher. |

## റീഡേഴ്സ് തിയേറ്റർ

ആമുഖം

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണങ്ങൾ എന്നിവ ഭാവാത്മകമായി ആംഗ്യം ചേർത്തുകൊണ്ട് വായിക്കാൻ കഴിയുന്നവരാണ് രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവരുടെ മുന്നിൽ വൈവിധ്യമുള്ള പാഠങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികയ്ക്കും വിദ്യാലയത്തിനും കഴിയണം. തുടക്കവായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ്

റീഡേഴ്സ് ഡയറി

ലക്ഷ്യപ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങൾ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമേന്മയ്ക്ക് ലഘിതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| SRG | മെയ് അവസാനം | ക്ലാസ്ടീച്ചർ, HM |
| Class PTA | ജൂൺ ആദ്യവാരം | Class Teacher, രക്ഷിതാവ് |
| കുട്ടികളുടെ പഠനമേന്മയ്ക്ക് ശ്രാവ്യവായന ഭാവാത്മക വായന എന്നിവ ഉൾപ്പെടുത്തി പാഠപുസ്തകത്തിലെയും ബാലസാഹിത്യത്തിലെയും കഥകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓരോ കഥാപാത്രങ്ങളായി മാറി അഭിനയിച്ച് അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു. മികച്ചവരെ കണ്ടെത്തി അഭിനന്ദിക്കുന്നു. മികച്ച സ്ക്രിപ്റ്റ് ഉൾപ്പെടുത്തി പതിപ്പാക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ രക്ഷിതാവ് |
| | എല്ലാമാസവും | ക്ലാസ് ടീച്ചർ |
| | എല്ലാമാസവും | ക്ലാസ് ടീച്ചർ |
| | മാർച്ച് ആദ്യവാരം | ക്ലാസ് ടീച്ചർ രക്ഷിതാവ് |

# Academic Master Plan - English

Aim : To speak, Read and write English without any mistakes

Time - June to March

PRETEST

To check the vocabulary and writing skills of pupils

June and July

To develop listening skills and reading skills.

Listening skills

1. Games, Action songs, Hello English Activities.
2. Conversations Skit, Stories use ICT

Speaking skills

1. Identify the naming words from the picture.
2. Identify the action words from the same pictures.
3. Make simple sentences using the action word and naming words about the picture.
4. Growing sentences, Pictures reading, self introduction Assembly are also conducted

Activities

Speech, Book review, quiz, riddles, self introduction, School Radio etc.

August and September

Develop creative speaking and writing

Reading skills

1. News Paper reading, library books reading, book review, reading breaking news

2. Find words
3 Collet and read past Tense
4 Rhyming words
5. Describing words etc.
6. Text book Activities.

Writing skills

1. Make word web.
2 Picture description with describing words.
3. word chain sentence chain
4. Make words and sentences.
5. make riddles, conversations
6 Add more lines.

ACTIVITIES speech, book Review, quiz, riddles self Introduction, School radio, makes description magazines etc.

July and August

Reading skills.

News Paper reading, library books reading, book review, reading breaking news, find words collect and read Past tense, rhyming words, describing words etc. Textbook activities.

writing skills

Make word web, Picture description, word chain sentence chain, make words & sentences made riddles, conversations, Add more lines, develop story description, notice proclamation, diary letter Announcement, magazines.

മേഖല - അക്കാദമികം
ഉപ മേഖല - ഇംഗ്ലീഷ്
ക്ലാസ് - 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയത്തോടെ ഇംഗ്ലീഷ് ഭാഷണശേഷി വികസനവും കൂട്ടി ശേഷികളൊരുക്കൽ | Let's talk - പ്രതിദിന നാടകമാക്കി സംഭാഷണങ്ങൾ | മൂന്ന് മാസത്തിൽ ഒന്ന് | SRG | SSA. |
| | English ബോർഡ് | മാസത്തിൽ ഒന്ന് | Class Teacher | |
| | | | SMC | |
| | ഇംഗ്ലീഷ് അസംബ്ലി One day English | ആഴ്ചയിൽ ഒന്ന് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം

## ആമുഖം

ഗണിതം ഏറെ രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനതന്ത്രത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് അതിനെ ആവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിതപ്രവർത്തനത്തിലൂടെ തത്പരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലന വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിവയെക്കുറിച്ചു ബോധം ഉറപ്പാക്കൽ.

- സംഖ്യാബോധവും, ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 വരെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തത്തിന് ഉത്തരങ്ങൾ കൈവരിക്കാൻ കുട്ടിക്കും എന്ന രീതിയിൽ പഠിപ്പിക്കൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തുന്നു.

### മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.
-

ജൂൺ

- 1, 2, 3, 4 ....
  1, 3, 5, 7 ....
  10, 20, 30, 40 ....
  5, 10, 15, 20 ....
  2, 4, 6, 8 തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

ജൂലായ്

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കളികളിലും ഉറപ്പാക്കൽ.
- പത്തിന്റെയും, ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- 99 നോട് 1 കൂട്ടിയാൽ 100
- 10 പത്തുകൾ ചേർന്നാൽ 100 ആകും.
- 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളുടെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ

- ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, വീട്ടിലൊരു കട ഗണിതാശയങ്ങൾ പ്രായോഗികതയിലൂടെ ഉറപ്പിക്കുന്നു.

ഡിസംബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉന്നയിക്കൽ)

5..10..15..20..25 (5വീതം കൂടിയാൽ പ്രശ്നവിശകലനം ചെയ്യാം)

നവംബർ

- സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകളും പേപ്പർ മുതലായവ വെട്ടി തയ്യാറാക്കി സംഖ്യ പ്രദർശിപ്പിക്കൽ.
- ആഴ്ചയിലൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

10രൂപ + 5രൂപ = 15രൂപ

നോട്ട്, നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിന് സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാഭ്യാസം നടത്തൽ.
- ഉല്ലാസഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളികളിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
- കലണ്ടറിൽ പ്രധാന ദിനങ്ങളും ആഴ്ചകളും തിരിച്ചറിയൽ. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ നിരീക്ഷിക്കൽ.
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുന്നു.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# STD III

മേഖല: അക്കാദമിക ഉപമേഖല: ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| സാഹിത്യ പ്രവണതകളെ അടുത്തറിയൽ. | 1. കവികളുടെ കുറിപ്പുകളുടെ ഡോക്യുമെന്ററി പ്രദർശനം<br>2. പുസ്തക ശേഖരണം പ്രദർശനം<br>3 ചിത്രശാല | ജൂൺ<br>ജൂൺ, ഡിസംബർ | അധ്യാപകർ PTA | PTA |
| വായനാഭി പ്രചോദനം | 1. പ്രാദേശിക ഗ്രന്ഥശാലയുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം.<br>2. വായനക്കളരി.<br>3 നാട്ടുവായന-പ്രാദേശിക എഴുത്തുകാരുമായി സംവാദം. | ജൂൺ-ഡിസംബർ.<br>ജനുവരി<br>നവംബർ.<br>തുടർന്ന് | അധ്യാപകർ SMC PTA | ക്ലബ് വായനശാല. |

## ഉപ മേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശേഷിയും ധാരണയും ഉണ്ടാക്കാൻ ശ്രമിക്കാം | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താവായന നാടകാവതരണം ഉറപ്പിക്കൽ | ജൂൺ-മാർച്ച് | PTA | ഇല്ല |
| | വായനാക്കുറിപ്പുകൾ | മാസത്തിൽ ഒന്ന് | SMC | PTA |
| | ബാലപ്രസിദ്ധീകരണങ്ങൾ ബാലരമ, കളിക്കുടുക്ക എന്നിവയുടെ വായന. | 3 മാസത്തിൽ ഒന്ന്<br>ജൂൺ-മാർച്ച് | SMC | SMC |

ഉപ മേഖല — ഗണിതം

| ...ത്തിന്റെ ...ം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|---|
| ...കൾ | ജ്യാമിതിയുടെ [illegible] ദൃശ്യതയിലൂ [illegible]കാം. | ഒറിഗാമി ശില്പശാല<br>രസകരമായ ഗണിതപ ഠനവും ജ്യാമിതീയരൂപ ങ്ങളുടെ നിർമ്മാണവും. | ഒക്ടോബർ | PTA<br>SRG | SSA |
| ...ാ<br>...ıc | ഗണിതം [illegible] [illegible]ളിലൂടെ | ഒറിഗാമിരൂപങ്ങൾ നിർമ്മിക്കൽ ശില്പശാല | ജനുവരി | SMC | PTA.<br>SMC |

2. മേഖല - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഉത്തര | സഹായ |
| --- | --- | --- | --- | --- |
| ശാസ്ത്രബോധം വളർത്തുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക. | ജൂൺ ജൂലൈ മാസങ്ങൾ | PTA SRG | SMC |
| | ഔഷധത്തോട്ടനിർമ്മാണം. | | | |
| പ്രകൃതിവിഭവ സംരക്ഷണം | ജൈവവൈവിധ്യപാർക്ക് - നടീൽ - പരിപാലനം നടത്തണം. | | | |
| ശാസ്ത്രപരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യിക്കൽ, ശാസ്ത്ര മാസികാവായന. | ജൂലൈ ഡിസംബർ | SMC | PTA SRG |

ഇ-ലേണിംഗ്.

| സാമ്പ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി. |
|---|---|---|---|---|---|
| SMC | നിത്യജീവിതത്തിൽ IT പ്രയോജനപ്പെടുത്തൽ | IT ഉപയോഗിച്ചു മേഖലയിലെ വിദഗ്ധരുടെ ക്ലാസ്സുകൾ. | ആഗസ്റ്റ് | PTA SRG | SSA SMC |
| PTA SRG | | AI സാങ്കേതികവിദ്യ നിത്യജീവിതത്തിൽ Seminar. | ഒക്ടോബർ | | |

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് IV

2025 - 2026

IV

2025 - 26

മേഖല - അക്കാദമികം ഭാഷ.

ഉപമേഖല :- ഭാഷ

ക്ലാസ് :- IV മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം. | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകസംവാദം, ആനുകാലികവായന | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ ക്ലാസ് പി.ടി.എ | PTA |
| എഴുതാം തെളിയാം. | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ വിവിധ വ്യവഹാരത്തിൽ എഴുതുക | പ്രതിമാസം വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ. | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം..... കേട്ടറിയാം. | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം. | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG. ക്ലാസ് ടീച്ചർ PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരൻമാർ | | | | |
| സാഹിത്യകാരൻമാരുടെ ജന്മ-മരണ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ. അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം, പുസ്തകപരിചയം - ക്വിസ് . ചുമർ പ്രദർശനം , ജീവിതരേഖ തയ്യാറാക്കൽ . പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG, Class Teacher CPTA | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാകൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രാദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറികളിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA class Teacher | PTA. |
| സർഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി കുട്ടികൾ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM SRG CPTA class Teacher | PTA |

## English . Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (മുഴുവൻ നിയന്ത്രണം കുട്ടികൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഡയറി ( ഇംഗ്ലീഷ് ഭാഷാപഠനം | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനം ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ | ആഴ്ചയിൽ മൂന്നുദിവസം | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് തീയേറ്റർ (ഇംഗ്ലീഷ് ഭാഷാപഠനം | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Conversation Story telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ SMC |
| ഇംഗ്ലീഷ് മാഗസിൻ | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് ഇംഗ്ലീഷ് ഭാഷയിലെ രചനാ മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ. | വായനാമത്സരം രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | വർഷം ഒടുവിൽ, അവധി കാലം. | ക്ലാസ് ടീച്ചർ | |

ഗണിതം Std IV

കളിക്കാം ഗണിക്കാം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിത പഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ഉറപ്പാക്കാൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ, മൂല്യനിർണയം ഗണിതവും പദവും ചെയിൻ കളി... സങ്കലനം, വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG class Teacher | |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കാൻ. കര ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | class Teacher | PTA |
| ഗണിതലാബ് | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കാൻ | ഗണിത ലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | H.M SRG Class Teacher | PTA |
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനോപകരണ ശില്പശാല . | | | | |
| പഠനോപകരണങ്ങളുടെ നിർമ്മാണം ഗണിത പഠനം രസകരമാക്കാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണനിർമ്മാണ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള . | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| | പരിസരപഠനം | Class IV | | |
| പ്രകൃതി നടത്തം | | | | |
| നിരീക്ഷണം. അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | CPTA Teacher | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം. മുഴുവൻ | SRG class Teacher | PTA SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അന്വേഷണാത്മകത വളർത്താൻ | വാനനിരീക്ഷണ കേന്ദ്രം സന്ദർശനം, സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനം | ആവശ്യാനുസരണം | class Teacher, CPTA | PTA, രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപടമൊരുക്കാം | | | | |
| കേരളം – ഇന്ത്യ – ഭൂപടവായന സൂചിക പരിചയപ്പെടൽ | ഭൂപടവായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG class Teacher | PTA |
| ശാസ്ത്ര വിസ്മയ ചുവർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, സ്വന്തം ചിത്രങ്ങൾ · പ്രദർശനം . | ആഴ്ച | SRG class . Teacher | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തി ലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പരീ ക്ഷണം ഇവയുടെ പ്രദർശനം | വർഷത്തി ലൊരിക്കൽ | സ്കൂൾ SRG | PTA |
| ശാസ്ത്ര മാസിക | | | | |
| ശാസ്ത്ര പഠനത്തി ലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസിക കളുടെ നിർമ്മാണം | വർഷ ത്തിലൊന്ന് | SRG class Teacher | PTA |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## G.U.P.S. പാവറട്ടി

## 2025-2026

UP മലയാളം

മേഖല: എൽ.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ▪ ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | ഭാഷാധ്യാപകർ | |
| | ഭാഷാകേളികൾ. · അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | ഭാഷാധ്യാപകർ | |
| | • വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂലൈ | ഭാഷാധ്യാപകർ | |
| ▫ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ്<br>• അക്ഷരവും അതു ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• അക്ഷരങ്ങളും വാക്കുകളും എഴുതിയ കാർഡ്<br>• വാക്യങ്ങൾ നിർമ്മിക്കൽ.<br>• ലഘു കഥകൾ, കവിതകൾ വായന, ലേഖനം | ആഗസ്റ്റ് സെപ്തംബർ | ഭാഷാ അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ☐ പഠിതാവിൽ അർത്ഥപൂർണ്ണമായ വായന, ബോധനം ഉറപ്പു വരുത്തുക | • ബാലമാസികകൾ, ലൈബ്രറി പുസ്തകങ്ങൾ, ഭാഷാപുസ്തകങ്ങൾ, പത്രം എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷിയും ഉച്ചാരണശുദ്ധിയും വളർത്തി അർത്ഥപൂർണ്ണ വായന ഉറപ്പു വരുത്തുകയും ചെയ്യുന്നു. വായനയിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ വായനാക്കുറിപ്പുകളായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ | |
| ☐ സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുഭാവമനോഭാവം വളർത്തി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | • അഭിമുഖ സംഭാഷണം. കലാകാരന്മാർ സാഹിത്യകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം. വിവിധ ദിനാചരണങ്ങളിലും വിദ്യാരംഗം സാഹിത്യവേദിയുടെ വിവിധ പ്രവർത്തനങ്ങളിലും സർഗ്ഗാത്മക രചനകളും പ്രകടനങ്ങളും നടത്തൽ | വിവിധ ദിനാചരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് | ഭാഷാദ്ധ്യാപകർ, വിദ്യാരംഗം സാഹിത്യ വേദി. | |
| ☐ പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • രംഗാവിഷ്കാരം. കഥാപാത്രാവിഷ്കാരങ്ങൾ, ലഘുനാടകങ്ങൾ തുടങ്ങിയവയുടെ ശില്പശാല നടത്തി വിവിധ സന്ദർഭങ്ങളിൽ അവതരിപ്പിക്കൽ | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഭാഷാദ്ധ്യാ പി.ടി.എ | |

അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | | |
|---|---|---|---|---|
| * ഹിന്ദി ഭാഷയോട് കുട്ടികൾക്ക് താല്പര്യം തോന്നിപ്പിക്കുക | 'सुरीली कविताएँ', ചെറിയ ചെറിയ കഥകൾ എന്നിവ ICT യുടെ സഹായത്തോടെ കാണിക്കുന്നു. | | | |
| * ഹിന്ദി ഭാഷയിലെ അടിസ്ഥാനം ഉറപ്പിക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ എന്നിവ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കി പഠിപ്പിക്കും ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICT മുഖേന അക്ഷര ജ്ഞാന കാണിക്കൽ വായന കാർഡ്, ഹിന്ദി ദിനാചരണങ്ങൾ, ഹിന്ദി അസംബ്ലി | June to Febr | | |
| * ഹിന്ദി വായന മെച്ചപ്പെടുത്തൽ | * നിരന്തരം പുസ്തകങ്ങൾ വായിക്കും കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കിയും. class room Hindi Library ഒരുക്കും. | | | |

| | | | |
|---|---|---|---|
| | എല്ലാ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തുകയും അവർക്കു യോജ്യമായ അവസരം നൽകുകയും ചെയ്യുന്നു. | | |
| * ഹിന്ദി ഭാഷാ പ്രകടനത്തിന് അവസരം | മാസത്തിലൊരിക്കൽ ഹിന്ദി "spoken day ആയി ആചരിക്കൽ പരമാവധി ഹിന്ദിയിൽ സംസാരിക്കുക | June to Feb | |

| | | | | |
|---|---|---|---|---|
| ✱ ഹിന്ദി സംസാരിക്കാനും എഴുതാനും ഉള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ്സിൽ കൂടുതലായും ഹിന്ദി സംസാരിക്കുക വായനാ മത്സരം. ICT കൂടുതൽ ചെറിയ ചെറിയ വീഡിയോ, ഗെയിം എന്നിവ കാണിക്കുന്നു | | | |
| ✱ ഹിന്ദിയിൽ സർഗ്ഗാത്മക കഴിവ് മെച്ചപ്പെടുത്താനും വികസിപ്പിക്കാനും ശ്രമിക്കുക | ഓരോ മാസവും കവിത, കഥ, നാടകം, പോസ്റ്റർ എന്നിവയ്ക്കായി കൂടുതൽ സമയം ചെലവഴിക്കുന്നു. കവിത - കൂടുതൽ കവിതകൾ കാണാനും ചൊല്ലാനും, താളം കണ്ടെത്താനുമുള്ള അവസരം നൽകുന്നു. ഇതുപോലെ ഓരോന്നിനും അവസരം നൽകുന്നു. ക്ലാസ്സിലെ | | | |

# അക്കാദമിക
# മാസ്റ്റർപ്ലാൻ
# യു.പി. വിഭാഗം
# English & Social science

Accademic Master plan. 2025 - 26
UP Section, English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കുന്നു. അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | July | English Tr | |
| | Follow me, if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | June | English Tr | |
| | Breaking news.- ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | നവംബർ | English Tr | |
| | Missing man. അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | June | English Tr | |

| | | | | |
|---|---|---|---|---|
| | | നടന്ന് അധ്യാപികയുടെ സംഭാഷണം നിർത്തി കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഒരു കുട്ടിക്ക് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | | |
| | | Treasure hunt വിദ്യാലയ വസ്തുക്കൾ ഉപയോഗിച്ച് വിവിധ ടീമുകളാക്കുന്നു. ഓരോ ടീമുകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു | ക്ലാസ്സ് | English 17 |
| | | Meet the foreigner. ഇംഗ്ലീഷ് സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം നൽകുന്നു | | |
| | | One man show - അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയം നടത്തുന്നു | ലൈബ്രറി | |

| | | | | |
|---|---|---|---|---|
| | | | | |
| 2 ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too can! വിദ്യാലയത്തിലെ ചുമരിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു.<br><br>Leaning ladder. പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ഏണിപ്പടിയിൽ നിരത്തി. വായിക്കുവാൻ അവസരം നൽകുന്നു.<br><br>FM Corner. വിദ്യാലയത്തിൽ ചെറിയ കഥകൾ Reader's Theatre രീതിയിൽ റേഡിയോ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>Reader of the month. ഇംഗ്ലീഷ് ദിന പത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ കണ്ടെത്തുന്നു | July<br><br><br><br><br><br><br><br><br><br>ടേമിൽ ആഴ്ചയിൽ<br><br><br><br><br><br>മാസത്തോറും | | |

ഇംഗ്ലീഷ് ...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | |
|---|---|---|---|
| 3 തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാകുന്നു. | My droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | English Tr |
| | Alert zone<br>സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂളിലും ക്ലാസ് റൂമിലും പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങൾ | English Tr |
| | Run baby run<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവുമധികം വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതുന്നവർക്ക് സമ്മാനം നൽകുന്നു | February | English Tr |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|---|
| English Tr | | Fun time Funda. കടംകഥകൾ, ക്വിസ് ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡ് | English Tr | |
| English Tr<br>English Tr | 4. ഇംഗ്ലീഷ് ഭാഷയോടു ഉള്ള ആത്മവിശ്വാസം ഉണർത്തുന്നു. | The Grand Camp: ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ വൈവിധ്യമുള്ള പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ലഭിക്കുന്നു<br>അഞ്ചാം ക്ലാസിൽ കഥാപാത്രങ്ങൾ കഥകളുണ്ട്, അതിന് Role play, നാടകം, പ്രച്ഛന്ന വേഷം; ആറാം ക്ലാസിന് കവിത, speech, documentary | വർഷാവസാനം | English Tr. | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26.
UP വിഭാഗം. സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെ അടിസ്ഥാനങ്ങൾ അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അക്കൂട്ട് - കുട്ടിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനങ്ങളെ അറിവ് വർധിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു.<br>ഉദാ: കേരളം ജില്ലകൾ അടയാളപ്പെടുത്തൽ, ഇന്ത്യ സംസ്ഥാനങ്ങൾ കണ്ടെത്തൽ, തലസ്ഥാനങ്ങളിലേക്ക് വരക്കൽ, വടക്ക്, തെക്ക് ദിശകൾക്കനുസരിച്ച് സംസ്ഥാനങ്ങൾ കണ്ടെത്തൽ<br>രൂപരേഖ നൽകി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ | ജൂൺ | SS അധ്യാപകർ | |
| " | ഓർമച്ചെപ്പ്: അന്തർദേശീയ തലം മുതൽ ജില്ലാതലം വരെ നദികൾ, തലസ്ഥാനങ്ങൾ, ഭൂപ്രകൃതി വൈവിധ്യങ്ങൾ തുടങ്ങി അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | ജൂൺ | SS അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവ... | Virtual field trip<br>ICT സാധ്യതകളുപയോഗിച്ച് | June | " | |

| | | | | |
|---|---|---|---|---|
| | | | | |
| | ന്യൂസ്, വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം ഉണ്ടാകുന്നു | | | |
| 4 ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | സെമിനാർ, വാർഡ് സഭ, എന്നിവയിൽ ജനപ്രതിനിധികളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതികളുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | June | SS അധ്യാപകർ | |
| 5) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാകുന്നു | പ്രകൃതി നാശ വാം-നേർ ക്യാമ്പ് ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ കൃത്രിമ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും, അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സ് നടന്നു രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | June | SS. അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | സഹജീവികളോടുസ്നേഹ ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ ചുറ്റുമുള്ളതും പ്രകൃതി ദുരന്തങ്ങൾ, സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങൾക്ക് ആശ്വാസമാകുന്നു. | അക്കാദമിക വർഷം | SS. അധ്യാപകർ | PTA |
| | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും ബോധ | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാടാം സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണ ക്ലാസുകൾ | അക്കാദമിക വർഷം | SS. അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| സുരക്ഷിതത്വത്തെ കുറിച്ചും ബോധവാന്മാരാകുന്നു | | | | |
| 8. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | കാടുവിട്ട മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവേ) പരിസ്ഥിതി നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കുന്നുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | രണ്ടാം ടേം വർഷം | 35 കുട്ടികൾ | 55 മിനിട്ട് |
| 9. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നു | പുതു ചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മസ്തിഷ്ക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യങ്ങൾ നിറച്ച ദിവസേനം ബോർഡിലെഴുതി ... [illegible] | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി - ഗണിതം

## സയൻസ്

UP- Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, മഞ്ചാടിക്കുരു .....) | ജൂൺ | ഗണിത അധ്യാപകൻ | |
| 2) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് മുറിയിൽ പാർക്ക് സജ്ജമാക്കുന്നു | ജൂലൈ | ഗണിത ക്ലബ് | ഗണിത ക്ലബ് പി.ടി.എ. |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജമാക്കുന്നു. | | ഗണിത അധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| 4) രസകരമായ ഗണിതശാസ്ത്ര പഠനം. | * ഗണിതോത്സവം സംഘടിപ്പിക്കുന്നു.<br>* ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5) ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | പി.ടി.എ. |
| 6) ആധുനിക ശാസ്ത്ര സങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നു | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. (Geogebra, PHET, etc) | ആവശ്യാനുസരണം | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളിലൂടെ വികസനം | ദിനാചരണം. June - March വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

| | | | | |
|---|---|---|---|---|
| 4) രസകരമായ ഗണിതശാസ്ത്ര പഠനം. | • ഗണിതോത്സവം സംഘടിപ്പിക്കുന്നു.<br>• ഒറിഗാമിയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 5) ഗണിതശേഷിയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ<br>ഗണിത ക്ലബ്ബ് | പി.ടി.എ. |
| 6) ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നു | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. (Geogebra, PHET, etc) | ആവശ്യാനുസരണം | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സഹപാഠികളായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം.<br>June - March വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

U.P. Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക് ഔഷധസസ്യങ്ങളോടും, പച്ചക്കറികളോടും, പൂക്കളോടും കൂടിയും എന്നിവ ഉൾക്കൊള്ളിച്ചുള്ള പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ശാസ്ത്ര ക്ലബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര- വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം പൂക്കളെ അറിയാൻ- യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ശാസ്ത്ര ക്ലബ് | രക്ഷിതാക്കൾ |
| | പരീക്ഷണങ്ങളിലൂടെ:- നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ | | | |

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്. | |
| 2) ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ശാസ്ത്ര ക്ലബ്, ഊർജ്ജ ക്ലബ് | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | സ്കൂളിൽ തലേ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ശാസ്ത്ര വിസ്മയ ചുമർ:– ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. · ശാസ്ത്ര ലൈബ്രറി ക്ലാസ്സുകളിൽ ഉണ്ടാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | ശാസ്ത്രക്ലബ് |
| 3) ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | · ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4) ശാസ്ത്ര അസംബ്ലി | · ശാസ്ത്രദിനങ്ങളുടെ ആചരണം<br>· ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം, അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.<br>· ശാസ്ത്ര കൗതുക വാർത്തകൾ വായിക്കൽ. | ആഴ്ച്ചയിൽ ഒന്ന് | ശാസ്ത്രാധ്യാപകർ | |
| 5) പഠനയാത്രകൾ | പഠനയാത്ര സംഘടിപ്പിക്കൽ<br>[illegible]പ്പ് തയ്യാറാക്കൽ<br>- അവതരണം | നവംബർ ജനുവരി | SRG<br>PTA<br>അധ്യാപകർ | |